പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6253 07.11.2016-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. ബസുകളുടെ അപകടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.കെ.അബ്ദു റബ്ബ് | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) | |
| (എ) | 2016 ജനുവരി മുതൽ കെ.എസ്.ആർ.ടി.സി. ബസുകൾ എത്ര അപകടങ്ങൾ ഉണ്ടാക്കി; പ്രസ്തുത അപകടങ്ങൾ മൂലം എത്ര പേർക്ക് പരിക്ക് പറ്റി; എത്രപേർക്ക് ജീവഹാനി സംഭവിച്ചു ; | (എ) | 2016 ജനുവരി മുതൽ ഒക്ടോബർ 31 വരെ കെ.എസ്.ആർ.ടി.സി. ബസുകൾക്ക് 1106 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിൽ ഗുരുതരമായി പരിക്ക് പറ്റിയവർ 310-ഉം, നിസാര പരിക്ക് പറ്റിയവർ 1526-ഉം ചേർന്ന് ആകെ 1836. ജീവഹാനി സംഭവിച്ചവർ 136 |
| (ബി) | കെ.എസ്.ആർ.ടി.സി. ബസുകൾ നിരന്തരം ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കാലയളവിൽ ലഭിച്ച പരാതികളെത്രയാണെന്നും അതിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | ട്രാഫിക് നിയമലംഘനങ്ങൾ കെ.എസ്.ആർ.ടി.സിയുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ലംഘനങ്ങളുടെ മെമ്മോകൾ ലഭിക്കുന്ന മുറക്ക് ബന്ധപ്പെട്ട യൂണിറ്റുകളിലേക്കും നൽകാറുണ്ട്. നിയമലംഘനങ്ങൾ വരുത്തുന്നവരിൽ നിന്നും നിയമപരമായ പിഴ ഒടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രാഫിക് നിയമങ്ങൾ പൂർണ്ണമായും അനുസരിച്ച് ഡ്രൈവിംഗ് നടത്തുവാൻ എല്ലാ ഡ്രൈവർ മാർക്കും വേണ്ട നിർദ്ദേശങ്ങളും തുടർ പരിശീലനവും നൽകാറുണ്ട്. |
| (സി) | 2015 ൽ കെ.എസ്.ആർ.ടി.സി. ബസുകൾ എത്ര അപകടം ഉണ്ടാക്കി; ഇതിൽ എത്ര പേർക്ക് പരിക്ക് പറ്റി; ജീവഹാനി എത്ര; | (സി) | 2015-ൽ കെ.എസ്.ആർ.ടി.സി. ബസുകൾക്ക് 1379 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിൽ ഗുരുതരമായി പരിക്ക് പറ്റിയവർ 519-ഉം, നിസാര പരിക്ക് പറ്റിയവർ 2009-ഉം ചേർന്ന് ആകെ 2528. ജീവഹാനി സംഭവിച്ചവർ 208. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത അപകടങ്ങൾ മൂലം കെ.എസ്.ആർ.ടി.സി.യ്ക്ക് ഉണ്ടാകുന്ന അധിക ബാധ്യത എത്ര; വിശദവിവരം അടങ്ങിയ കണക്ക് ലഭ്യമാക്കുമോ; | (ഡി) | അപകടങ്ങളുമായി ബന്ധപ്പെട്ട് രണ്ട് തരത്തിലുള്ള ബാദ്ധ്യതയാണ് ഉണ്ടാകുന്നത്.<br>1. വാഹനത്തിൽ ഉണ്ടാകുന്ന കേടുപാടുകൾ.<br>2. മോട്ടോർ വാഹന നഷ്ടപരിഹാര കോടതിയിൽ നഷ്ടപരിഹാരം സംബന്ധിച്ച വ്യവഹാരത്തിൽ ഉണ്ടാകുന്ന ബാദ്ധ്യത.<br>ഇതിൽ ആദ്യ ഭാഗത്തുള്ളത് ഡ്രൈവറുടെ ഭാഗത്താണ് വീഴ്ചയെങ്കിൽ ടിയാനിൽ നിന്നും ഈടാക്കുന്നതാണ്. നഷ്ടപരിഹാരം സംബന്ധിച്ച വ്യവഹാരത്തിൽ കോടതി വിധിക്കുന്ന തുക ഇൻഷ്വറൻസ് ഉള്ളതിൽ ഇൻഷ്വറൻസ് കമ്പനിയും, ഇൻഷ്വറൻസ് ഇല്ലാത്തത് കോർപ്പറേഷനുമാണ് വഹിക്കുക. ഇതു സംബന്ധിച്ച വ്യവഹാരങ്ങൾ കോടതിയിൽ വിധി ആയാൽ മാത്രമേ തുക കണക്കാക്കുവാൻ കഴിയുകയുള്ളൂ. |
| (ഇ) | അപകട കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ അപകടങ്ങൾ കുറയ്ക്കാൻ ശക്തമായ നടപടി സ്വീകരിക്കുമോ; | (ഇ) | ഉണ്ട്.<br>ഗുരുതരമായ അപകടത്തിൽപെടുന്ന കെ.എസ്.ആർ.ടി.സി ബസ്സുകളിലെ ഡ്രൈവർമാർക്ക് കറക്ടീവ് പരിശീലനം നൽകിയതിന് ശേഷം മാത്രമാണ് തിരികെ ജോലിക്ക് പ്രവേശിപ്പിച്ച് വരുന്നത്. പുറമേ മുഴുവൻ കെ.എസ്.ആർ.ടി.സി ഡ്രൈവർമാർക്കും അപകടങ്ങൾ ഒഴിവാക്കുന്നതിലേക്കായി നിരന്തരമായ പരിശീലനവും കെ.എസ്.ആർ.ടി.സി. നൽകി വരുന്നുണ്ട്. സർവ്വീസ് ആരംഭിക്കുന്നതിന് മുമ്പായി ഡ്രൈവർമാർക്ക് സൂപ്പർവൈസറി ഉദ്യോഗസ്ഥർ കൗൺസിലിംഗ് നടത്തണമെന്ന കർശന നിർദ്ദേശവും കെ.എസ്.ആർ.ടി.സി. നൽകിയിട്ടുമുണ്ട്. ബസുകളുടെ അമിതവേഗത നിയന്ത്രിക്കുന്നതിന് സ്പീഡ് ഗവർണർ എല്ലാ കെ.എസ്.ആർ.ടി.സി. ബസുകളിലും ഘടിപ്പിച്ചിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നേടിയ മുഴുവൻ |

| | | | |
|---|---|---|---|
| | | | ഡ്രൈവർമാർക്കും പരിശീലനം നൽകിയ ശേഷം മാത്രമാണ് വാഹനം ഓടിക്കുന്നതിന് നിയോഗിക്കുന്നത്. സ്കാനിയ, വോൾവോ തുടങ്ങിയ ആധുനിക ബസുകളിൽ നിയോഗിക്കുന്ന ഡ്രൈവർമാർക്ക് പ്രസ്തുത വാഹന നിർമ്മാതാക്കളുടെ ഡ്രൈവർ പരിശീലന കേന്ദ്രങ്ങളിൽ വച്ച് പരിശീലനം നൽകിയ ശേഷമാണ് നിയോഗിക്കുന്നത്. അശോക് ലൈലാന്റ്, ടാറ്റാ മോട്ടോഴ്സ്, വി.ഇ. കോമേഴ്സ്യൽ വെഹിക്കിൾസ് എന്നീ വാഹന നിർമ്മാതാക്കളും ഡ്രൈവർമാർക്ക് പരിശീലനം നൽകി വരുന്നു. കൂടാതെ പെട്രോളിയം കൺസർവേഷൻ റിസർച്ച് അസോസിയേഷനുമായി ധാരണാ പത്രം ഒപ്പ് വച്ച് കെ.എസ്.ആർ.ടി.സി. യിലെ ഡ്രൈവർ മാർക്ക് പരിശീലനം നൽകി വരുന്നു. മോട്ടോർ വാഹന വകുപ്പ്, പോലീസ് എന്നീ ഡിപ്പാർട്ട്മെന്റുകളിലെ ഉദ്യോഗസ്ഥരും കെ.എസ്.ആർ.ടി.സി.യിലെ ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നുണ്ട്. ഇത്തരത്തിൽ പരിശീലനങ്ങൾ വളരെയധികം നൽകുന്നുണ്ടെങ്കിലും കെ.എസ്.ആർ.ടി.സി.യിലെ ഡ്രൈവർമാർ ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നതും ചുവപ്പ് സിഗ്നൽ ലംഘിക്കുന്നതും അമിത വേഗതയിൽ വാഹനങ്ങൾ ഓടിക്കുന്നതുമായ റിപ്പോർട്ടുകൾ പോലീസ്, മോട്ടോർ വാഹന വകുപ്പുകളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത് വർദ്ധിച്ചുവരികയാണ്. ഇത്തരം നിയമ ലംഘനങ്ങൾക്കുനേരെ കർശനമായി അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. |
| (എഫ്) | അപകടം സംഭവിക്കുന്ന കെ.എസ്. ആർ.ടി.സി. ബസുകളുടെ തുടർ നടപടികളും, നാശനഷ്ടവും കെ.എസ്.ആർ.ടി.സി. തന്നെ ഏറ്റെ | (എഫ്) | ഡ്രൈവറുടെ കുറ്റംകൊണ്ട് കെ.എസ്.ആർ. ടി.സി. ബസുകൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ചാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തം ഡ്രൈവറിൽ നിക്ഷിപ്തമാണ്. നിലവിലുള്ള |

| | | | |
|---|---|---|---|
| | ടുക്കുന്നത് ഡ്രൈവർക്ക് ആശ്വാസം നൽകുന്നതാകയാൽ അപകടം വർദ്ധിക്കുന്നത് അതീവ ഗൗരവമായി കാണുമോ: എങ്കിൽ നാശനഷ്ടങ്ങൾക്കു ഉത്തരവാദിത്തം ഡ്രൈവറിൽ ആരോപിച്ചു നഷ്ടപരിഹാരം ശമ്പളത്തിൽ നിന്നും ഈടാക്കുവാൻ നടപടി ഉണ്ടാകുമോ: വിശദമാക്കുമോ? | | കെ.എസ്.ആർ.ടി.സി. ബസുകൾ ഇൻഷ്വർ ചെയ്തുവരുന്നു. കോമ്പ്രിഹെൻസീവ് പരിരക്ഷയുള്ള വാഹനങ്ങൽക്ക് അപകടം മൂലം ഉണ്ടാകുന്ന കേടുപാടുകൾക്ക് ഡിപ്രീസിയേഷൻ കഴിച്ചുള്ള തുക ഇൻഷ്വറൻസ് കമ്പനി നല്കിവരുന്നു. അപകടത്തിന് ഡ്രൈവർ കുറ്റകാരനാണെന്നു കണ്ടെത്തിയാൽ ടി തുക ഡ്രൈവർമാരിൽ നിന്നും ഈടാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ